# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2184 — 17.06.2014 ലെ മറുപടിയ്ക്ക്

## ജനങ്ങളെ ബ്ലേഡ് മാഫിയയിൽനിന്ന് സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ :<br>ശ്രീ. കെ. കുഞ്ഞിരാമൻ :<br>(തൃക്കരിപ്പൂർ)<br>ശ്രീമതി. പി. അയിഷാ പോറ്റി :<br>ശ്രീ. എം. ചന്ദ്രൻ : | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) മണി ലെന്റേഴ്സ് ആക്ട് പ്രാവർത്തികമായിട്ടുള്ള സംസ്ഥാനത്ത് സാധാരണക്കാരായ ജനങ്ങൾക്ക് ബ്ലേഡ് മാഫിയകളിൽനിന്നും ഏൽക്കേണ്ടി വരുന്ന ദുരനുഭവങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ജനങ്ങളെ ബ്ലേഡ് മാഫിയയിൽ നിന്നും സംരക്ഷിക്കുന്നതിന് ആക്ട് പ്രകാരം എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ? | (ബി) കേരള മണിലെൻഡേഴ്സ് ആക്ടിന്റെ സെക്ഷൻ 3(1) പ്രകാരം എല്ലാ മണിലെൻഡർമാരും ടി നിയമത്തിൽകീഴിൽ ലൈസൻസ് എടുക്കേണ്ടതാണ്. ലൈസൻസില്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന മണിലെൻഡർമാരെ കണ്ടെത്തി 30-06-2014-നു മുമ്പ് ലൈസൻസ് എടുപ്പിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള മണിലെൻഡേഴ്സ് ആക്ടിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകളുടെ ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു. ലൈസൻസില്ലാതെയോ ലൈസൻസിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമായോ മണിലെൻഡിഗ് പ്രവർത്തനങ്ങൾ നടത്തിയാൽ തടവു ശിക്ഷയും പിഴയും നൽകുന്നതിന് മണിലെൻഡേഴ്സ് ആക്ട് സെക്ഷൻ 17-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ തദനുസരണമുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. കേരള മണിലെൻഡേഴ്സ് ആക്ടിലെ സെക്ഷൻ 18 ഡി (1) പ്രകാരം ഒരു മണിലെൻഡർ 7( )-ാം |

വകുപ്പിൽ പറഞ്ഞിട്ടുള്ളതിനേക്കാൾ (ബാങ്ക് നിരക്കിനേക്കാൾ രണ്ട് ശതമാനത്തിൽ കൂടുതൽ) പലിശ ഈടാക്കിയതായി ഇൻസ്പെക്ടർക്കോ, ലൈസൻസിംഗ് അതോറിറ്റിക്കോ ബോധ്യപ്പെട്ടാൽ അപ്രകാരം അധികമായി ഈടാക്കിയ തുക കണ്ടുകെട്ടുകയും, ആ മണിലെൻഡർക്ക്മേൽ അയാൾ ഈടാക്കിയ പലിശയുടെ മൂന്ന് മടങ്ങിൽ അധികരിക്കാത്ത തുക പിഴയും ചുമത്താവുന്നതാണ്. അപ്രകാരം കണ്ടുകെട്ടിയ തുക വായ്പ എടുത്ത ആൾക്ക് തിരികെ നൽകുവാനും വ്യവസ്ഥയുണ്ട്. ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

സംസ്ഥാനത്ത് അമിത പലിശയ്ക്ക് പണം കടം കൊടുക്കുന്നത് നിരോധിക്കുന്നതിനും പണം കടംകൊടുക്കൽ ബിസിനസ്സിൽ അമിത പലിശ ഈടാക്കുന്നതിന് കടുത്ത ശിക്ഷ വ്യവസ്ഥ ചെയ്യുന്നതിനും കേരള അമിത പലിശ ഈടാക്കൽ നിരോധന നിയമം 2012 നടപ്പാക്കി വരുന്നു. ടി നിയമത്തിൽ ഏതെങ്കിലും വായ്പയിന്മേൽ അമിത പലിശ ഈടാക്കുകയോ ഇതിലേയ്ക്കായി ഏതെങ്കിലും വ്യക്തിയെ ശാരീരികമായോ മാനസികമായോ പീഢിപ്പിക്കുകയോ ചെയ്താൽ കടുത്ത ശിക്ഷനൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.